**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1830** **10.02.2020-ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹന വകുപ്പ് പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2020 ജനുവരി 25-ാം തീയതി കുമളി - മൂന്നാർ സംസ്ഥാന പാതയിൽ വിവാഹത്തിന് പോകുകയായിരുന്ന വരനും സംഘവും സഞ്ചരിച്ചിരുന്ന വാഹനം മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിടികൂടി പരിശോധിച്ചിരുന്നോ; | (എ) | 2020 ജനുവരി 25-ാം തീയതി വിവാഹാവശ്യത്തിന് പോവുകയായിരുന്ന KL 69 A 318 എന്ന വാഹനം അനധികൃത ടാക്സി സർവ്വീസ് നടത്തുകയാണെന്ന് ലഭിച്ച പരാതിയെ തുടർന്ന് ഇടുക്കി എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധിക്കുകയും ചെക്ക് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. അടിയന്തര സാഹചര്യം പരിഗണിച്ച് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കസ്റ്റഡിയിലെടുത്ത് ചെക്ക് റിപ്പോർട്ടിന്റെ പകർപ്പ് നൽകി വാഹനം ഉടനടി വിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശോധനയുടെ ഫലമായി വരന് വിവാഹ മുഹൂർത്തത്തിന് എത്തിച്ചേരാൻ സാധിച്ചില്ലായെന്ന പരാതി ഉണ്ടായിട്ടുണ്ടോ; | (ബി) | ഇത് സംബന്ധിച്ച രേഖാമൂലമുള്ള പരാതി നാളിതുവരെ ലഭിച്ചിട്ടില്ല. |
| (സി) | വരൻ സഞ്ചരിച്ചിരുന്ന വാഹനത്തിന് പിഴ ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് തുകയാണ് ഈടാക്കിയത് എന്ന് അറിയിക്കാമോ? | (സി) | പിഴയായി 3000/- രൂപയും അനധികൃതമായി ടാക്സി സർവ്വീസ് നടത്തിയതിന് നികുതിയായി 2170/- രൂപയും ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ